**പ്രത്യേക പരാമർശം**

<u>അപകീർത്തിപരമായ പ്രസ്താവന</u>

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, " No allegation of a defamatory or incriminatory nature shall be made by a Member against any person unless the Member has given (prior notice) to the Speaker......" എന്നാണ് Rule 285-ൽ പറയുന്നത്. ഇന്നലെ ബഹുമാന്യനായ ശ്രീ. ജോൺ ഫെർണാണ്ടസ് സംസാരിക്കുമ്പോൾ, കേരളത്തിന്റെ മുൻ മുഖ്യമന്ത്രി, കേന്ദ്രമന്ത്രി, ഇപ്പോഴത്തെ എം.പി.യുമായ ശ്രീ. എ. കെ. ആന്റണിയുടെ കുടുംബത്തെക്കുറിച്ച് വളരെ മോശമായ വർത്തമാനമാണ് അദ്ദേഹം നടത്തിയത്. അദ്ദേഹം പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. ആയിരങ്ങളല്ല, ലക്ഷങ്ങളല്ല കോടികൾ കൊടുത്ത് ശ്രീ. എ. കെ. ആന്റണിയുടെ സഹധർമ്മിണിയുടെ ഒരു പെയിന്റിംഗ് വാങ്ങിച്ചതായിട്ടാണ് പറയുന്നത്. എല്ലാ രേഖകളും ഞാൻ അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. RTI Act പ്രകാരം എയർപോർട്ട് അതോറിറ്റിയിൽ നിന്ന് കിട്ടിയതിൽ പറയുന്നത്, Total, how many paintings have been purchased from Mrs. Elisabath Antony? Two numbers. What was the cost of each painting? Rs. 1.25 lakhs. What was the total price

given for all paintings purchased from Mrs. Elisabath Antony? Rs. 2.5 lakhs. ഒരു പെയിന്റിംഗിന് ഒന്നേകാൽ ലക്ഷം രൂപ കൊടുത്ത് വാങ്ങിക്കുന്നത് കുറ്റലാണോ; ആ പെയിന്റിംഗിന് കോടികൾ വാങ്ങിയെന്ന് പറഞ്ഞ് ഈ സഭയിലൂടെ വേദി ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ മുൻ മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തിയത് നിർഭാഗ്യകരമാണ്. അദ്ദേഹത്തിന് മര്യാദയുണ്ടെങ്കിൽ അദ്ദേഹം ആക്ഷേപം പിൻവലിച്ച് മാപ്പ് പറയണം. അല്ലെങ്കിൽ റൂൾ 307 പ്രകാരം സഭയുടെ രേഖകളിൽനിന്നും നീക്കം ചെയ്യണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ പത്രവാർത്തകൾ മാത്രമാണ് ക്വാട്ട് ചെയ്തത്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് ഇന്നലെയും ഇന്നുമായി റൂൾ 307 പ്രകാരം സഭയിൽ ഉന്നയിച്ച വിഷയം നേരത്തെതന്നെ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വസ്തുതാപരമല്ലാത്ത പരാമർശങ്ങൾ നിയമസഭാ രേഖകളിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

## അവാസ്തവ പ്രസ്താവന

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ സംസാരിക്കുന്നവേളയിൽ, കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നെയ്യാർ ഡാമിൽ സംസ്ഥാന ഗവൺമെന്റിൽനിന്നും 5 ഏക്കർ ഭൂമി പതിച്ചുവാങ്ങി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയതായി ഒരു പരാമർശം നടത്തുകയുണ്ടായി. അത് അവാസ്തവമാണ്. ഞാൻ കെ.പി.സി.സി. പ്രസിഡന്റായിരുന്ന കാലത്ത് ഞങ്ങൾ പർച്ചേസ് ചെയ്ത ഭൂമിയാണ്. അവിടെയാണ് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് പ്രവർത്തിക്കുന്നത്. അല്ലാതെ കേന്ദ്രഗവൺമെന്റിൽനിന്നോ സംസ്ഥാന ഗവൺമെന്റിൽനിന്നോ ഒരാനുകൂല്യവും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് വാങ്ങുന്നില്ല. ഇന്ന് എല്ലാ പത്രങ്ങളിലും വന്നതുകൊണ്ടാണ് ഞാൻ ഇവിടെ സൂചിപ്പിക്കാൻ കാരണം. അവാസ്തവമായ പ്രസ്താവനയാണ്. അങ്ങ് അത് പരിശോധിച്ച് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.